## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2571** **18.08.2017-ൽ മറുപടിക്ക്**

**വടവന്നൂർ, ചൂളക്കടവ് പാലങ്ങളുടെ നിർമ്മാണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. സി. കൃഷ്ണൻ** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പയ്യന്നൂർ മണ്ഡലത്തിലെ വടവന്നൂർ പാലം (പ്രൈസ് നം. 2017/3799) പണിക്ക് ഭരണാനുമതിയ്ക്കായുള്ള നടപടിക്രമങ്ങൾ ഏതുവരെ ആയെന്ന് വ്യക്തമാക്കാമോ; | (എ) വടവന്നൂർ പാലം നിർമ്മാണത്തിന് ഭരണാനുമതിയ്ക്കായുള്ള 5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) ചൂളക്കടവ് പാലം (ഡി 1 4059/ബ്രിഡ്ജ്/12) നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വിശദമാക്കാമോ? | (ബി) ചൂളക്കടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് 151.92 മീറ്റർ നീളത്തിലുള്ള പാലം ഡിസൈൻ ചെയ്തിരുന്നു. എന്നാൽ പ്രസ്തുത പാലം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പുഴ ദേശീയ ജലപാതയുടെ ഭാഗമാണെന്ന് ഇൻലാന്റ് നാവിഗേഷൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ മാനദണ്ഡപ്രകാരമുള്ള താൽക്കാലിക ഡിസൈൻ ബ്രിക് ബോർഡ് തയ്യാറാക്കിയിരുന്നെങ്കിലും നിലവിലുള്ള സ്ഥല പരിമിതിമൂലം ഡിസൈൻ സൈറ്റിൽ അനുയോജ്യമായിരുന്നില്ല. എന്നാൽ ഇപ്പോൾ ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ പുതുക്കിയ മാനദണ്ഡ പ്രകാരം പാലത്തിന്റെ വെർട്ടിക്കൽ ക്ലിയറൻസ് 6.00 മീറ്ററാക്കി കുറച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബ്രിക് ബോർഡ് പാലത്തിന്റെ പുതുക്കിയ ഡിസൈൻ തയ്യാറാക്കി വരുന്നുണ്ട്. ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമേ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**